SJD/2540/2023-D2

/101062/2023

YEARS OF CELEBRATING THE MAHATMA

Break the Chain

<u>വിവരാവകാശം/മറുപടി</u>

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി :16-06-2023
Email - swdkerala@gmail.com
Phone - 0471 – 2306040

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
തിരുവനന്തപുരം.

Dr. George Abraham
Kannattil
Chalukunnu
Kottayam 686 001

സർ,

വിഷയം:- സാമൂഹ്യ നീതി വകുപ്പ് – വിവരാവകാശ നിയമം 2005 പ്രകാരം മറുപടി നൽകുന്നത് - സംബന്ധിച്ച്.

സൂചന :- താങ്കളുടെ 09/06/2023 തീയതിയിലെ അപേക്ഷ.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. 12/06/2023 ൽ ഈ കാര്യാലയത്തിൽ ലഭ്യമായ സൂചന പ്രകാരമുള്ള അപേക്ഷയ്ക്കുള്ള മറുപടി ചുവടെ ചേർക്കുന്നു.

1. കേരളസാമൂഹ്യസുരക്ഷാമിഷൻ മുഖേന 2015 ൽ ഭിന്നശേഷിക്കാരുടെ സെൻസസ് നടത്തിയിരുന്നു. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ മാത്രമേ ഈ കാര്യാലയത്തിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടുള്ളൂ. ആയതു പ്രകാരം സംസ്ഥാനത്തെ ശ്രവണവൈകല്യമുള്ളവരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വൈകല്യം | പുരുഷൻമാർ | സ്ത്രീകൾ |
|---|---|---|---|
| 1 | കേഴ്വി ഇല്ലായ്മ | 28771 | 32093 |

ചോദ്യം 2 മുതൽ 5 വരെയുള്ള ചോദ്യങ്ങളും 8-ാം ചോദ്യവുമായി ബന്ധപ്പെട്ട വിവരങ്ങളും ഈ കാര്യാലയത്തിൽ ലഭ്യമല്ല എന്നതിനാലും സാമൂഹ്യനീതിവകുപ്പിന്റെ അനുബന്ധ സ്ഥാപനങ്ങളായ കേരള സാമൂഹ്യസുരക്ഷാമിഷൻ, കേരള സംസ്ഥാനവികലാംഗക്ഷേമ കോർപ്പറേഷൻ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് എന്നിവ മുഖേന ശ്രവണവൈകല്യമുള്ളവർക്ക വേണ്ടി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട് എന്നിതിനാലും അതുമായി ബന്ധപ്പെട്ട വിവരങ്ങൾ താങ്കൾക്ക് നേരിട്ട് നൽകുന്നതിനായി ബന്ധപ്പെട്ട സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാർക്ക് താങ്കളുടെ അപേക്ഷയുടെ പകർപ്പ് നൽകിയിട്ടുണ്ട്.

ചോദ്യം 6,7, എന്നിവയ്ക്കുള്ള വിവരങ്ങൾ ഈ കാര്യാലയത്തിൽ ലഭ്യമല്ല. ആരോഗ്യവകുപ്പുമായി ബന്ധപ്പെട്ട പ്രസ്തുത ചോദ്യങ്ങൾക്കുള്ള വിവരങ്ങൾ താങ്കൾക്ക് നേരിട്ട് നൽകുന്നതിനായി ബന്ധപ്പെട്ട സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് താങ്കളുടെ അപേക്ഷയുടെ പകർപ്പ് നൽകിയിട്ടുണ്ട്.

മേൽ മറുപടിയിൽ താങ്കൾ തൃപ്തനല്ലെങ്കിൽ താങ്കൾക്ക് സാമൂഹ്യനീതി ഡയറക്ടറേറ്റ് അപ്പീൽ

അധികാരിയ്ക്ക് 30 ദിവസത്തിനകം ചുവടെ ചേർത്തിട്ടുള്ള വിലാസത്തിൽ അപ്പീൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്

ശ്രീ സുഭാഷ് കുമാർ.കെ.വി.
ജോയിന്റ് ഡയറക്ടർ & അപ്പീൽ അധികാരി,
സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ 5th Floor,
തിരുവനന്തപുരം.

വിശ്വസ്തതയോടെ,

ബിനേഷ്.ജി.
ജൂനിയർ സൂപ്രണ്ട് &
സ്റ്റേറ്റ് പബ്ലികഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
തിരുവനന്തപുരം.